"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ബിന്ദു. വി. ആർ ന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.853/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/04/2021

---

പരാമർശം:- 1 ശ്രീമതി. ബിന്ദു. വി. ആർ സമർപ്പിച്ച 25/09/2019 ലെ അവധി അപേക്ഷ

2 പഞ്ചായത്ത് ഡയറക്ടറുടെ 12.11.2019, 16.11.2020 തീയതികളിലെ PAN/10659/2019-E10(DP) നമ്പർ കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ബിന്ദു. വി. ആർ 22.05.2018 മുതൽ 06.06.2019 വരെ ശൂന്യവേതനാവധി ക്രമവൽക്കരിക്കുന്നതിനായി പരാമർ ശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചു. ടി അവധി അപേക്ഷയിൽ മകൾക്ക് അമ്മയുടെ സംരക്ഷണം വേണ്ടതിനാൽ മെഡിക്കൽ സർട്ടിഫിക്കറ്റോട് കൂടി ശൂന്യവേതനാവധി അനുവദിക്കുന്നതിനായി അപേക്ഷിച്ചിരിക്കുന്നു. അനീമിയ & ജനറൽ വെയിറ്റ് ലോസ്സ് എന്ന് മെഡിക്കൽ സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ശ്രീമതി. ബിന്ദു. വി. ആർ 19.02.2015 മുതൽ 18.02.2018 വരെ കിലയിൽ അന്യത്രസേവനത്തിലായിരുന്നതും 19.02.2018 തീയതിയിൽ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുകയും 19.02.2018 മുതൽ 21.05.2018 വരെ അവശേഷിക്കുന്ന പ്രസവാവധിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർ ന്ന് 22.05.2018 മുതൽ 20.07.2018 വരെ പ്രസവാവധിയോടൊപ്പമുള്ള 60 ദിവസം ശൂന്യവേതനാവധി എടുത്തു. തുടർ ന്ന് 21.07.2018 മുതൽ 06.06.2019 വരെ രണ്ട് മാസം വീതം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ചു. പ്രസവാവധി കഴിഞ്ഞുള്ള 22.05.2018 മുതൽ 06.06.2019 വരെയുള്ള (321 ദിവസം) കാലയളവിൽ തുടർച്ചയായി അവധിയിലായതിനാൽ തെറ്റായി അനുവദിച്ച 22.05.2018 മുതൽ 20.07.2018 വരെയുള്ള പ്രസവാവധിയോടൊപ്പമുള്ള 60 ദിവസം ശൂന്യവേതനാവധിയും അതിന് ശേഷം അനുവദിച്ച അവധികളും റദ്ദ് ചെയ്യുകയും അത് സേവനപുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതായും അവധി റദ്ദാക്കി ജോലിയിൽ പ്രവേശിക്കുന്നതിന് ടിയാൾ അപേക്ഷ സമർപ്പിച്ചപ്പോൾ കക്കോടി ഗ്രാമപഞ്ചായത്തിൽ ടിയാൾക്ക് നിയമനം നൽകുകയും 07/6/2019 പൂർവാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തതായും പരാമർ ശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും ശ്രീമതി. ബിന്ദു. വി. ആർ സമർപ്പിച്ച അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റുകളും അവധി ക്രമവൽക്കരിക്കുന്നതിനായി സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ സാഹചര്യങ്ങളിൽ കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ബിന്ദു. വി. ആർ ന് 22.05.2018 മുതൽ 20.7.2018 വരെയുള്ള 60 ദിവസം, ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I, ചട്ടം 102 ന് ചുവടെയുള്ള പ്രൊവിസോയുടെ ആനുകൂല്യത്തോടെയും, 21.07.2018 മുതൽ 06.06.2019 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി

എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ കെ. എസ്. ആർ, ഭാഗം I, ചട്ടം 88 പ്രകാരവും ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

ശ്രീമതി. ബിന്ദു. വി. ആർ, ഓഫീസ് അറ്റൻഡന്റ്, ചേളന്നൂർ ഗ്രാമപഞ്ചായത്ത് (സെക്രട്ടറി, ചേളന്നൂർ ഗ്രാമപഞ്ചായത്ത് മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് ജില്ല.

സെക്രട്ടറി, ചേളന്നൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/163/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ